Postwar Reconstruction Fund.

619. MR. PAUL A. THALIAT : Will the Hon'ble Minister for Finance be pleased to state :

(*a*) the total amount standing to the credit of the 'Post War Reconstruction Fund' as on 20-6-24;

(*b*) the amount spent from this fund in 1122, 23, and 24 respectively?

HON'BLE MR. T. K. NARAYANA PILLAI : (എ) ഫ ഫ ഒ വ്യാപികം അവസാനംവരെയുള്ള കണക്കനുസരിച്ചു, ന്യ, ഫ ഒ, ഒ ന്യ, ന്യന്യ ശ്രീ. ഫ ന ചക്രം.

(ബി) ഫ ഫ ഒ ഒ–ൽ, ഫ ന, ൦ ഫ, ൪ ൦ ൪ ശ്രീ. ഫ ന, ച. ഫ ൪ കാശ്;

ഫ ഫ ഒ ന–ൽ, ഒ ന ൦ ഫ ൦ ൪ ശ്രീ. ഒ. ച. ഫ കാശ് ഫ ഫ ഒ ര വ്യാപികം അവസാനംവരെയുള്ള കണക്കനുസരിച്ച് ൪ ഫ ഒ ന ൪ ശ്രീപാ ൪ ച ക്രം ൪ കാശ്.

MR. PAUL A. THALIAT : ഒടുവിൽ ഒടുവിൽ വരുമ്പോൾ ഈ ഫണ്ടു് ഇത്ര കുറഞ്ഞുപോകുവാൻ കാരണമെന്താണു് ?

HON'BLE MR. T. K. NARAYANA PILLAI : അതിനെപ്പറ്റി ഇപ്പോൾ, രണ്ടുകൊല്ലം കഴിഞ്ഞതിനുശേഷം പറയാൻ നിവൃത്തിയില്ല.

MR. PAUL A. THALIAT : ഫ ഒ ര–ൽ ഇത്ര കുറയാൻ കാരണമെന്താണു് ?

HON'BLE MR. T. K. NARAYANA PILLAI : ഫ ഒ ര ലേതു് മുഴുവൻ അയിട്ടില്ല. പോസ്റ്റുവാർ റീ കൺസ്ട്രക്ഷൻ ഫണ്ടിൽ പണം ഉള്ളതുകൊണ്ടു് ആ പണം മുഴുവനും ചെലവാക്കണമെന്നു അർത്ഥമില്ലല്ലൊ.

MR. ABDUL AZIZ : പോസ്റ്റുവാർ റീ കൺസ്ട്രക്ഷൻ ഫണ്ടിൽ നിന്നും ഗവണ്മെൻറു് ഏതെല്ലാം ഇനത്തിനാണു പണം ചെലവാക്കി വരുന്നതു് ?

HON'BLE MR. T. K. NARAYANA PILLAI : കടലിനപ്പുറത്തുള്ള വിദ്യാഭ്യാസ വിഷയമായും മറ്റുമുള്ള ചെലവുകൾ ചെയ്യുന്നതിനും, തിരുവിതാംകൂറിൽ കയറും കയറുപായും സംബന്ധിച്ചുള്ള നിർമ്മാണത്തെയും മറ്റും അഭിവൃദ്ധിപ്പെടുത്തുന്നതിനും അതിലേക്കാവശ്യമായ സർവ്വെ നടത്തുന്നതിനും, റിസർച്ചു ഡിപ്പാർട്ടുമെൻറിൽ നടത്തുന്ന റിസർച്ചുകളുടെ ഏതാനും ഭാഗങ്ങൾ നിർവ്വഹിക്കുന്നതിനും, ഒരു മോഡൽ സാംപ്പിൾ ഫാക്ടറി ഇപ്പോൾ റിസർച്ചു ഡിപ്പാർട്ടുമെൻറിന്റെ അഭിമുഖ്യത്തിൽ നടത്തി വരുന്നതിനു് ആവശ്യമുള്ള ചെലവു ചെയ്യുന്നതിനും, പബ്ലിക്ക

LIBRARY ARCHIVES Kerala Legislative Assembly

ഹെൽത്തിൽ ഏപ്പെടുത്തിയിട്ടുള്ള ചില പുതിയ സ്കീമുകൾ നടപ്പിൽ വരുത്തുന്നതിനും, അതുപോലുള്ള മറ്റു കാര്യങ്ങൾക്കുംവേണ്ടി ഈ പണം ചെലവാക്കുന്നു. ഈ ഫണ്ടു് ഇന്നയിന്ന കാര്യങ്ങൾക്കുമാത്രമെ ചെലവാക്കുകയുള്ളു എന്നു ഒരു വ്യവസ്ഥാനം ഗവണ്മെൻറു ഉണ്ടാക്കിയിട്ടില്ല.

MR. P. C. ATHICHEN (*Kunnathur II—Kurava*) : ഈ ഫണ്ടിൽ നിന്നും പിന്നോക്ക സമുദായാഭിവൃദ്ധിക്കുവേണ്ടി എന്തെങ്കിലും തുക ചെലവാക്കുന്നുണ്ടോ ?

HON'BLE MR. T. K. NARAYANA PILLAI : ഒരു ദേവൽസ്പെഷ്യൽ പിന്നോക്ക സമുദായങ്ങൾക്കുവേണ്ടി ഗവണ്മെൻറു ഏർപ്പെടുത്തിയിട്ടുള്ള തുകകൊണ്ടു ഈ ഫണ്ടിൽനിന്നും അവക്കുവേണ്ടി യൊന്നുംതന്നെ ചെലവാക്കിണമെന്നു വിചാരിക്കുന്നില്ല.

MR. A. CHIDAMBARANATHA NADAR : Reconstruction-க்கு என்று வைத்திருக்கப்பட்ட தொகையை விநியோகம் செய்வதற்குள்ள கமிட்டியின் பெயரைச் சொல்ல முடியுமா ?

HON'BLE MR. T. K. NARAYANA PILLAI : ഈ ഫണ്ടിൻെറ നിയന്ത്രണം ഇരിക്കുന്നതു ഫൈനാൻസു ഡിപ്പാർട്ട്മെൻറിലാണു്. ഓരോ ഡിപ്പാർട്ട്മെൻറിലേയും ആവശ്യം ഗവണ്മെൻറിലേക്കു എഴുതി അയയ്ക്കുമ്പോൾ ആ ആവശ്യം ഏതു ഇനത്തിലാണു ചേർക്കേണ്ടതെന്നു ഫൈനാൻസു ഡിപാർട്ടുമെൻറുകാർ നിശ്ചയിക്കും. പോസ്റ്റുവാർ റീ കൺസ്ട്രക്ഷൻ ഫണ്ടിൽ ചേർക്കേണ്ട ഇനങ്ങളിൽ ഏതെല്ലാമാണെന്നു അവരാണു തീരുമാനിക്കുന്നതു്.

MR. A. CHIDAMBARANATHA NADAR : கனம் G. R. பிள்ளைக்கும், இந்த டிப்பார்ட்மென்றிக்கும் ஏதாவது தொடர்பு உண்டா ?

HON'BLE MR. T. K. NARAYANA PILLAI : മി. ജി. ആർ. പിള്ളയും ഈ ഫണ്ടുമായി യാതൊരു ബന്ധവുമില്ല.

MR. A. CHIDAMBARANATHA NADAR : இப்பொழுது அவர் என்ன உத்தியோகத்தில் இருக்கிறார் ?

HON'BLE MR. T. K. NARAYANA PILLAI : അദ്ദേഹം ഇപ്പോൾ കോവാപ്പറേറിവു രജിസ്ട്രാരാണു്.

MR. A. CHIDAMBARANATHA NADAR : இப்பொழுது அந்த தொடர்பு இல்லாமல் இருந்தால், இதற்கு முன்னால் ஏதாவது தொடர்பு இருந்ததுண்டா ?

MR. PRESIDENT : That question does not arise.

MR. P. T. CHACKO (*Kottayam II—General*) : ഈ പോസ്റ്റുവാർ റീ കൺസ്ട്രക്ഷൻ ഫണ്ടുതന്നെ ഗവണ്മെൻറിൻെറ ഒരു കടമായി തീരുന്നില്ലേ?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. T. K. NARAYANA PILLAI : ഇല്ല.

MR. P. T. CHACKO : പോസ്റ്റുവാർ റീ കൺസ്ട്രക്ഷൻ ഫണ്ടിൽ കൊള്ളിച്ചിട്ടുള്ള തുക ഗവണ്മെൻറിന്റെ കൈവശം എവിടെയെങ്കിലും ഇരിപ്പുണ്ടോ ?

HON'BLE MR. T. K. NARAYANA PILLAI : അതു ബഡ്ജറു രൂപീകരണത്തെപ്പറ്റിയുള്ള ചില മൗലികതത്വത്തെ അടിസ്ഥാനമാക്കിയാണു ഭരിക്കുന്നതു. ഓരോന്നിനും പ്രത്യേകം പ്രത്യേകം ഫണ്ടു നീക്കിവച്ചുകൊണ്ടല്ല ഗവണ്മെൻറു ചെലവാക്കുന്നതു. ഗവണ്മെൻറിനു ആവശ്യമെന്നു തോന്നുന്ന കാര്യങ്ങൾക്കു അപ്പപ്പോൾ പണം ചെലവാക്കിവരുന്നു. പോസ്റ്റുവാർ റീ കൺസ്ട്രക്ഷനു പ്രത്യേകം ഫണ്ടു്, പി. ഡബ്ലിയു. ഡി-ക്കു പ്രത്യേകം ഫണ്ടു, അഗ്രികൾച്ചറിനു പ്രത്യേകം ഫണ്ടു്, ഇങ്ങനെ ഓരോ കാര്യത്തിനും പ്രത്യേകം പ്രത്യേകം ഫണ്ടുകൾ നീക്കിവയ്ക്കുക എന്നുള്ള തത്വം ഏതെങ്കിലും ഗവണ്മെൻറു അംഗീകരിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല.

MR. P. T. CHACKO : എന്റെ ഉദ്ദേശ്യം അതല്ല. പോസ്റ്റുവാർ റീ കൺസ്ട്രക്ഷൻ ഫണ്ടു എന്നു ഒരു പ്രത്യേകം ഫണ്ടു കണക്കിൽ ഉണ്ടായിരിക്കുകയും, എന്നാൽ അതിലേക്കു പ്രത്യേകം പണം നീക്കിവയ്ക്കാതിരിക്കുകയും ചെയ്യുമ്പോൾ അതു ഗവണ്മെൻറിനു ഒരു കടമായിത്തന്നെയല്ലേ എന്നാണു ഞാൻ ചോദിച്ചതു്.

HON'BLE MR. T. K. NARAYANA PILLAI : ആ ഫണ്ടിൽനിന്നും ഓരോ കാര്യത്തിനായി ഗവണ്മെൻറു അതേടോടുണ്ടു പണം ചെലവാക്കിക്കൊണ്ടിരിക്കുകയാണു്. ആ നിലയ്ക്കു അതു ഒരു കടമാണെന്നു പറയുന്നതു ശരിയല്ല.

MR. P. S. NATARAJA PILLAI: Is not a revenue reserve fund created for accounting purposes?

HON'BLE MR. T. K. NARAYANA PILLAI: That is exactly the matter.

MR. K. A. MATHEW : ആ പണം വേറെ ഏതെങ്കിലും കാര്യത്തിലേക്കു ഡൈവർട്ടു ചെയ്തിട്ടുണ്ടോ ?

HON'BLE MR. T. K. NARAYANA PILLAI : ഡൈവർട്ടു ചെയ്താലുംകൊള്ളാം, ഇല്ലെങ്കിലും കൊള്ളാം. ആ ഇനത്തിൽ ചില കാര്യങ്ങൾക്കായി ഗവണ്മെൻറു കുറെ പണം ചെലവു ചെയ്തു എന്നു ഞാൻ ഉത്തരത്തിൽ പറഞ്ഞുകഴിഞ്ഞു. അതു ഡൈവർഷൻ ആണോ, യൂട്ടിലൈസേഷനാണോ എന്നു പ്രത്യേകം പറയേണ്ട ആവശ്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly

MR. K. SIVARAMA PILLAI: Sir, may I know, if the Government does not keep these funds separate and invest them for the purposes earmarked, then what is the necessity in the Budget to provide for so many funds and expend money on them ?

HON'BLE MR. T. K. NARAYANA PILLAI : ഓരോ ഡിപ്പാർട്ടുമെൻറിലേക്കും ചില പ്രോജക്ടുകളുള്ള തുകയെയാണ് ഇവിടെ കാണിച്ചിരിക്കുന്നത്. ഓരോ ഇനത്തിലും പ്രത്യേകം പ്രത്യേകം ഇത്ര ഇത്ര തുകയാണ് ചിലവാക്കാൻ പോകുന്നതെന്ന് കാണിക്കേണ്ട ആവശ്യമില്ല.

MR. SRI V. DAS : Post war reconstruction, நிதியைச் சிலவு செய்ய, ஒரு ஆலோசனைக் கமிட்டியை ஏற்படுத்துவதற்கு, அரசாங்கத்திற்கு இப்போழுது யோசிப்பிராயமுண்டா ?

HON'BLE MR. T. K. NARAYANA PILLAI : അതിലേക്ക് ഒരു കമ്മിറ്റി പ്രവർത്തനം നടത്തിവന്നിരുന്നു. അതിനെ ഒന്നുകൂടി റീ കാൺസ്റ്റിറ്റ്യൂട്ട് ചെയ്യണമെങ്കിൽ ചെയ്യാം.

MR. ABDUL AZIZ : പോസ്റ്റുവാർ റീകൺസ്ട്രക്ഷൻ എന്ന സ്കീമിലേക്ക് യഥാർത്ഥത്തിൽ ഒരു ഫണ്ടുണ്ടാക്കി വച്ചിട്ടുണ്ടോ ?

HON'BLE MR. T. K. NARAYANA PILLAI : ഒരു ഫണ്ടുണ്ട്.

MR. U. K. VASUDEVAN ASARI : സർ, എനിക്ക് ഒരു കാര്യം ബഹുമാനപ്പെട്ട ഗവൺമെൻറിനെ അറിയിക്കാനുണ്ട്. അതായത് ഇപ്പോൾ ചോദിച്ചുകൊണ്ടിരുന്ന ചോദ്യങ്ങൾക്ക് മുൻപിൽ വരേണ്ടതായ പല ചോദ്യങ്ങൾക്കും മറുപടി കിട്ടിയിട്ടില്ല. അതിന്റെ കാരണം എന്താണെന്നു പറഞ്ഞാൽ കൊള്ളാം. (ഉത്തരം ഇല്ല.)

MR. K. A. MATHEW : എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെൻറിനെപ്പറ്റിയുള്ള ചോദ്യങ്ങൾക്കു ഉത്തരം പറയാതിരുന്നതു് ഡിപ്പാർട്ടുമെൻറിൽ നിന്നും ഉത്തരം അയച്ചുതരാനുള്ള താമസംകൊണ്ടാണെന്നറിയുന്നു. എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെൻറിൽനിന്നും ഉത്തരത്തിനായപേക്ഷിച്ചുകൊണ്ട് ചോദ്യങ്ങൾ അയച്ചുകൊടുത്തതു് രണ്ടുമൂന്നു ദിവസത്തിനു മുൻപാണെന്ന് എനിക്കു ഡിപ്പാർട്ടുമെൻറിൽനിന്നും അറിയുവാൻ ഇടയായി. ഈ താമസം എന്തു കാരണത്താൽ ഇവിടെ ഉണ്ടായി എന്നു പറയാൻ ദയവുണ്ടാകുമോ ? (ഉത്തരം ഇല്ല.)

MR. MANNATHU PADMANABHA PILLAI : സർ, എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെൻറിൽ നടന്നതായ ഈ രഹസ്യം ബഹുമാനപ്പെട്ട മെമ്പർക്ക് എങ്ങനെ അറിവു കിട്ടിയെന്ന് അറിഞ്ഞാൽ കൊള്ളാം.

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. T. K. NARAYANA PILLAI : ചില ചോദ്യങ്ങൾക്ക് മറുപടി കിട്ടിയില്ലെന്നും മറ്റു ചില ചോദ്യങ്ങൾക്ക് മുൻഗണന കൊടുത്തില്ലെന്നും മറ്റുമുള്ള പരാതികൾക്ക് എനിക്ക പറയാനുള്ളതെന്തെന്നാൽ ഈ അസംബ്ളിസെക്ഷൻ ആറു ദിവസത്തേക്കായിരുന്ന ആദ്യം നിശ്ചയിച്ചിട്ടുണ്ടായിരുന്നതു്. എന്നാൽ പിന്നെയും ദീർഘിപ്പിക്കേണ്ടിവന്ന. അങ്ങനെ ഉത്തരം പറയാനായിട്ട് നിശ്ചയിച്ചിട്ടുണ്ടായിരുന്ന ചോദ്യങ്ങൾ വൻവ ആണ്. അതിൽ ഒർ൯ എണ്ണത്തിനുമാത്രമേ ഡിപ്പാർട്ടുമെൻറാദ്ധ്യക്ഷന്മാരിൽനിന്നും മറുപടി കിട്ടിയിട്ടുള്ള. ബാക്കി ഫർൻ ചോദ്യങ്ങൾക്ക് ഇനിയും മറുപടി വരേണ്ടതായിട്ടാണ് ഇരിക്കുന്നതു്. അതനുസരിച്ച് ഒർ൯ ചോദ്യങ്ങൾക്കും ഇവിടെ മറുപടി പറഞ്ഞിട്ടുണ്ട്. അതല്ലാതെ മറ്റു ചോദ്യങ്ങളെപ്പറ്റി ഉത്തരം പറയാതിരുന്നതു് ഗവണ്മെൻറിന്റെ ഉദാസീനതകൊണ്ടാണെന്നു് വിചാരിക്കരുതെന്നു് അപേക്ഷിക്കുന്ന.

MR. A. CHIDAMBARANATHA NADAR : மறுபடி கிடைக்காமல் இருக்கும் காரணத்தினால், அப்படி மெத்தனமாக இருக்கும், ஆபீசரின்மேல் ஏதாவது நடவடிக்கைகள் எடுக்க சர்க்காருக்கு அபிப்பிராயமுண்டா?

HON'BLE MR. T. K. NARAYANA PILLAI : ഇതിനുമുൻപുള്ള നിയമസഭയുടെ ചരിത്രം നോക്കിയാൽ ഈ കാര്യം പുരോഗമിച്ചുകൊണ്ടുവരുന്നു എന്നു കാണാൻ സാധിക്കും. അതായതു് ഓരോ സെക്ഷനിലും ക്രമേണ കൂടുതൽ ചോദ്യങ്ങൾക്ക് ഉത്തരം പറയുന്നു എന്നുള്ളതു് പ്രത്യക്ഷത്തിൽ കാണാൻ സാധിക്കും.

MR. SREE V. DAS : அனேக கேள்விகளுக்கு, அரசாங்கத்திடமிருந்து "ஆலோசனையில் இருக்கிறது"; "ஆலோசிக்கலாம்" என்று பல பதில்கள் வருகின்றன. ஆகை சர்க்காரின் ஆலோசனையில் இருக்கக் கூடியதின் பட்டிகையைத் தெரிவித்து விட்டால் இந்த மெம்பர்கள் அதற்குத்தக்க கேள்விகளைக் கேட்கமுடியும், என்று அபிப்பிராயப்படுகிறேன்.

(No reply)

Relief Works.

*620. MR. ALEXANDER VAKAYIL (*Parur II—Latin Catholic*) : Will the Hon'ble Minister for General Administration be pleased to state :

(*a*) whether Government have received any representations from the pakuthies of Kottuvally, Ezhikkara, Kadungalloor, Alangad and Edapally regarding the introduction to thousands of unemployed people in these pakuthies relief works such as the deepening of the Pattani thodu, completion of the Coonamavu-

LIBRARY ARCHIVES Kerala Legislative Assembly